കൊയിലാണ്ടി താലൂക്ക് ഭൂപണയബാങ്ക്

522 [930] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരിയിൽ പ്രവർത്തിക്കുന്ന കൊയിലാണ്ടി താലൂക്ക് ഭൂപണയബാങ്കിന്റെ പ്രസിഡന്റിനെ മാറ്റി നിലവിലുള്ള പ്രസിഡന്റിനെ തെരഞ്ഞെടുത്തതു സംബന്ധിച്ച് വല്ല പരാതിയും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടി എടുത്തു എന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിക്കാരന്റെ അപേക്ഷയിൻമേൽ തുടർന്നു നടപടി യെടുക്കേണ്ടതു ജോയിന്റ് രജിസ്ട്രാർ ആണ്. പരാതി രജിസ്ട്രാർക്ക് 18–7–1985–ൽ അയച്ചുകൊടുത്തിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ നിയമനം

523 [931] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനു വിടണം എന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ഇപ്പോൾ ഗവൺമെന്റിന്റെ പരിശോധനയിലുണ്ടോ;

(ബി) സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുവാൻ എന്തെങ്കിലും നടപടി എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സഹകരണ സംഘങ്ങളിലെ താല്ക്കാലിക ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ അറിയിക്കാറുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) സഹകരണ സംഘങ്ങളിലെ നിയമനങ്ങളിൽ 10 ശതമാനം പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്തുകൊണ്ട് ഫെബ്രുവരി മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇല്ല.

വനിതാ സഹകരണ സംഘങ്ങൾ

524 [932] ശ്രീ. പി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വനിതാ സഹകരണ സ്ഥാപനങ്ങളുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly